**തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Shaji Clement)

സംഗ്രഹം

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - തദ്ദേശസ്വയംഭരണ (LID&EW) വകുപ്പിലെ ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ:LSGD/PD/9672/2024-DEE5, തീയതി:29-09-2025**

പരാമർശം:

1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ30/05/2024 തീയതിയിലെ LSGD/PD/45032/2023-GEA2 നമ്പർ ഉത്തരവ്.
2) ജി . ഒ (പി) 27/2021/ധന നമ്പർ ഉത്തരവ്.
3) 16.03.2024 ലെ സ.ഉ.(കൈ) നം.46/2024/LSGD നമ്പർ ഉത്തരവ് .
4) 22/12/2022 തീയതിയിലെ സ. ഉ. (കൈ) നം. 277/2022/LSGD നമ്പർ ഉത്തരവ്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പിൽ മുൻ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിങ്ങിന്റെ ഡ്രൈവർ കേഡർ സ്റ്റെങ്ങ്തിൽ ഉണ്ടായിട്ടുള്ള ഒഴിവിലേക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിൽ തുടർന്ന് വരുന്നതും മുൻ ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിങ്ങിലെ ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് പരാമർശം (1) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ പറയും പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു .

ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിലെ ഒഴിവിലേക്ക് ചുവടെ പറയുന്ന ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലെ ജീവനക്കാരന് 31100-66800 രൂപ ശമ്പള സ്കെയിലിൽ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചും,നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു .

പട്ടിക -1

| **ഡ്രൈവർ സീനിയർ ഗ്രേഡ് (ശമ്പള സ്കെയിൽ 31100-66800 )** | | | | | |
|---|---|---|---|---|---|
| ക്രമ. നം | സീനിയോറിറ്റി പട്ടികയിലെ ക്രമ .നം | ജീവനക്കാരന്റെ പേര് & നിലവിലെ തസ്തിക | നിലവിലെ സ്റ്റേഷൻ | പ്രൊമോഷൻ അനുവദിക്കുന്ന തീയതി | റിമാർക്ക്സ് |
| | | | നാദാപുരം | | |

| | | | | | |
|---|---|---|---|---|---|
| 1 | 2 | BIJU K T<br>ഡ്രൈവർ<br>ഗ്രേഡ് -1 | ഗ്രാമ പഞ്ചായത്ത് കോഴിക്കോട് | 01/06/2025 | |

ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ നല്കിയതുമൂലം ഉണ്ടായിട്ടുള്ള ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലെ ഒഴിവിലേക്ക് ചുവടെ പറയുന്ന ഡ്രൈവർ ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരന് 27900 - 63700 രൂപ ശമ്പള സ്കെയിലിൽ ഡ്രൈവർ ഗ്രേഡ്-1 തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചും, പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു .

പട്ടിക -2

| **ഡ്രൈവർ ഗ്രേഡ് -1**<br>**(ശമ്പള സ്കെയിൽ 27900-63700 )** | | | | | |
|---|---|---|---|---|---|
| ക്രമ. നം | സീനിയോറിറ്റി പട്ടികയിലെ ക്രമ .നം | ജീവനക്കാരന്റെ പേര് ,തസ്തിക , നിലവിൽ സേവനത്തിൽ തുടരുന്ന കാര്യാലയം | നിലവിലെ സ്റ്റേഷൻ | പ്രൊമോഷൻ അനുവദിക്കുന്ന തീയതി | റിമാർക്സ് |
| 1 | 4 | HARISH P<br>ഡ്രൈവർ ഗ്രേഡ് -2<br>ജില്ലാ പഞ്ചായത്ത് - LSG Engineering Wing, മലപ്പുറം | ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് കോഴിക്കോട് | 01/06/2025 | |

മേൽ റേഷ്യോ പ്രൊമോഷൻ നൽകിയതിനെ തുടർന്ന് ഡ്രൈവർ എൻട്രി കേഡർ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒരു ഒഴിവ് മലപ്പുറം ജില്ല ജോയിന്റ് ഡയറക്ടർ പി.എസ് .സി -യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ് .

റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാർക്ക് KSR ഭാഗം -1 ലെ ചട്ടം 23 പ്രകാരമുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.

ടി നിയമനം 2025 വർഷത്തെ പൊതുസ്ഥലമാറ്റ അന്തിമ ക്യൂ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള സ്ഥലംമാറ്റത്തിന്മേൽ ജീവനക്കാർ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീൽ അപേക്ഷ പരിശോധിച്ച് അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം നൽകുന്നതിലേക്ക് പുനഃ പരിശോധിക്കുന്നതായിരിക്കും.

പരാമർശം (4) ഉത്തരവ് പ്രകാരം ഒഴിവാക്കപ്പെട്ട ഡ്രൈവർ തസ്തികകൾ പുനർ ക്രമീകരിക്കുന്നതിന്റെ ഭാഗമായി ടി നിയമനം പുനഃ പരിശോധിക്കുന്നതായിരിക്കും. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിലെ ഡ്രൈവർ തസ്തികയിലെ റേഷ്യോ ജില്ലാതലത്തിൽ സ്ഥിരപ്പെടുത്തുമ്പോഴും അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം /നിയമനം നല്കുന്നതിലേക്കും പരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടുന്നതായി കാണുന്നപക്ഷം, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് ടി ജീവനക്കാരന് അർഹതയുണ്ടായിരിക്കുന്നതല്ല. നിലവിലെ സ്റ്റേഷനിൽ തുടരുന്നതിനുള്ള അപേക്ഷകളും, അവകാശവാദങ്ങളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല .

ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ഈ ഉത്തരവ് വഴി ആനുപാതിക സ്ഥാന ക്കയറ്റം ലഭിച്ച ജീവനക്കാരുടെ ശമ്പളം പുനർനിർണയിച്ച് ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേ ഖപ്പെടുത്തേണ്ടതുമാണ്.

ആനുപാതിക സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള തസ്തികയിലെ ശ മ്പള നിർണയത്തിന് മേൽ പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബ ന്ധപ്പെട്ട മേലധികാരികൾ വാങ്ങി

സൂക്ഷിക്കേണ്ടതാണ്.

Shaji Clement
**ADDITIONAL DIRECTOR**

പകർപ്പ് :

1. ജില്ലാ ജോയിന്റ് ഡയറക്ടർ,കോഴിക്കോട് ,മലപ്പുറം
2. ബന്ധപ്പെട്ട ഓഫീസ് മേധാവിമാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. ബന്ധപ്പെട്ട ജീവനക്കാർക്ക്. (നിയന്ത്രണാധികാരി മുഖേന)
4. സൂപ്രണ്ട്, GEA സെക്ഷൻ.
5. സൂപ്രണ്ട് , IT സെക്ഷൻ.(വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Shaji Clement
Date: 29-09-2025 14:09:37